# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 771 — 29/11/2018 ൽ മറുപടിക്ക്

**ശബരിമല യുവതി പ്രവേശന വിധിയിൻമേൽ ദേവസ്വം ബോർഡ് നിലപാട്**

ചോദ്യം

ശ്രീ.എം.പി.അനിൽ കുമാർ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.അനിൽ അക്കര
ശ്രീ.അനൂപ് ജേക്കബ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല യുവതീപ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദേവസ്വം ബോർഡ് പമ്പയിലും സന്നിധാനത്തും എന്തൊക്കെ ക്രമീകരണങ്ങളാണ് ഒരുക്കിയത് എന്ന് വെളിപ്പെടുത്താമോ; | (എ) | ശബരിമല മണ്ഡലമകരവിളക്ക് കാലത്തെ വർദ്ധിച്ച വരുന്ന തീർത്ഥാടക പ്രവാഹം കണക്കിലെടുത്ത് പമ്പയിലും സന്നിധാനത്തും അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്. പമ്പയിൽ സ്ത്രീകൾക്ക് കുളിക്കടവിനോട് അനുബന്ധിച്ച് വസ്ത്രം മാറുന്നതിനുള്ള താൽക്കാലിക ഷെഡ് നിർമ്മിച്ച് ശൗചാലയങ്ങൾ പ്രത്യേകമായി സജ്ജീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് ശുചി മുറികളും, വിരി സൗകര്യവും ഒരുക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിധിക്കെതിരെ റിവ്യൂ ഹർജി നൽകുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രസ്താവിച്ചിരുന്നോ; എങ്കിൽ പിന്നീട് പ്രസ്തുത നിലപാടിൽ നിന്നും പിൻമാറാനുണ്ടായ സാഹചര്യമെന്താണ്; | (ബി) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മണ്ഡല-മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് എത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ബോർഡിന് വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ; | (സി) | മണ്ഡല മകരവിളക്ക് കാലയളവിൽ ഭക്തർക്ക വേണ്ടി മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ ദേവസ്വം ബോർഡ് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് സാവകാശം അനുവദിക്കണമെന്ന് സുപ്രീം കോടതിയോട് ആവശ്യപ്പെടാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മണ്ഡലകാലം ആരംഭിച്ചശേഷം ഇത്തരമൊരു തീരുമാനം ഉണ്ടായത് മുന്നൊരുക്കങ്ങൾ നടത്തുവാൻ ബോർഡിന് കഴിയാതെ വന്ന സാഹചര്യം കൊണ്ടാണോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ബഹു സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രളയാനന്തര നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാൻ കാലതാമസം ഉണ്ടാകുമെന്നതിനാലുമാണ് ദേവസ്വം ബോർഡ് 19.11.2018 ൽ സാവകാശ ഹർജി ഫയൽ ചെയ്തത്. |

സെക്ഷൻ ഓഫീസർ